## 15 -ാം കേരള നിയമസഭ

### 3 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 405** — **01-11-2021 - ൽ മറുപടിയ്ക്ക്**

### റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ഡോ. എം.കെ . മുനീർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആധുനികയന്ത്രങ്ങളും സാങ്കേതികവിദ്യകളും ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ ഏതാനും മാസങ്ങൾക്കുള്ളിൽ ഗതാഗത യോഗ്യമല്ലാതായിതീരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആധുനിക യന്ത്രങ്ങളും സാങ്കേതിക വിദ്യകളും ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ മാസങ്ങൾക്കുള്ളിൽ ഗതാഗതയോഗ്യമല്ലാതായി തീരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | റോഡുകൾ തകരുന്നതിന്റെ പ്രധാന കാരണം ആവശ്യത്തിന് ഓടകളോ ജല നിർഗ്ഗമനമാർഗ്ഗങ്ങളോ ഇല്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന ശക്തമായ കാലവർഷം റോഡുകളുടെ തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. റോഡുകളിലെ വെള്ളക്കെട്ട് ദ്രുതഗതിയിൽ നിർമാർജ്ജനം ചെയ്യുന്നതിനാവശ്യമായ വ്യാപ്തിയുള്ള ഓടകളുടെയും കലുങ്കുകളുടെയും അഭാവം റോഡുകളുടെ തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. കൂടാതെ സമീപ പ്രദേശങ്ങളിലെ സ്വാഭാവിക ജലാശയങ്ങൾ നികത്തുന്നതുമൂലവും ഓടകളുടെ ഔട്ട് ലെറ്റുകൾ അടക്കുന്നതുമൂലവും റോഡിലെ വെള്ളം ഒഴുക്കി വിടുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ട്. മഴക്കാല പൂർവ്വ ശുചികരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ഓടകൾ, കലുങ്ക് എന്നിവയുടെ നീരൊഴുക്ക് ഉറപ്പാക്കുന്നതിനായുള്ള ശുചീകരണം, റോഡുകളുടെ കുഴിയടയ്ക്കൽ, റോഡ് വശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായുള്ള മണ്ണ് നീക്കം ചെയ്യൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. റോഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഫണ്ട് ലഭ്യത കണക്കിലെടുത്തും സ്ഥല ലഭ്യതയനുസരിച്ചും ആവശ്യം വേണ്ട ഓടകളും കലുങ്കുകളും ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ റോഡുകൾ ഉയർത്തുന്നതിനും നടപടികൾ സ്വീകരിച്ച് നടപ്പാക്കി വരുന്നു. റോഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ഓടകളിലൂടെയും സ്വാഭാവിക ചാലുകളിലൂടെയും ഉള്ള സുഗമമായ നീരൊഴുക്ക് ഉറപ്പു വരുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും പൊതുജനങ്ങളുടെയും |

| | | | |
|---|---|---|---|
| | | | പങ്കാളിത്തം ഉറപ്പ് വരുത്താവുന്നതാണ്. റോഡുകളുടെ ദീർഘകാലയളവിലുള്ള പരിപാലനത്തിനായി, ഡിഫക്റ്റ് ലയബിലിറ്റി കാലാവധി, മെയിന്റനൻസ് കോൺട്രാക്റ്റ് ഉൾപ്പെടെ ദീർഘിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേക്കായി ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിക്കുന്നുണ്ട്. റോഡുകളിൽ വെള്ളക്കെട്ട് ഒഴിവാക്കുവാൻ ആവശ്യത്തിന് കലിങ്കുകളും, ഓടകളും നിർമ്മിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഉൾപ്പെടുത്താറുണ്ട്. |
| (സി) | എങ്കിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന ശക്തമായ കാലവർഷം റോഡുകളുടെ തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. റോഡുകളിലെ വെള്ളക്കെട്ട് ദ്രുതഗതിയിൽ നിർമാർജ്ജനം ചെയ്യുന്നതിനാവശ്യമായ വ്യാപ്തിയുള്ള ഓടകളുടെയും കലുങ്കുകളുടെയും അഭാവം റോഡുകളുടെ തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. കൂടാതെ സമീപ പ്രദേശങ്ങളിലെ സ്വാഭാവിക ജലാശയങ്ങൾ നികത്തുന്നതുമൂലവും ഓടകളുടെ ഔട്ട് ലെറ്റുകൾ അടക്കുന്നതുമൂലവും റോഡിലെ വെള്ളം ഒഴുക്കി വിടുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ട്. മഴക്കാല പൂർവ്വ ശുചികരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ഓടകൾ, കലുങ്ക് എന്നിവയുടെ നീരൊഴുക്ക് ഉറപ്പാക്കുന്നതിനായുള്ള ശുചീകരണം, റോഡുകളുടെ കുഴിയടയ്ക്കൽ, റോഡ് വശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായുള്ള മണ്ണ് നീക്കം ചെയ്യൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. റോഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഫണ്ട് ലഭ്യത കണക്കിലെടുത്തും സ്ഥല ലഭ്യതയനുസരിച്ചും ആവശ്യം വേണ്ട ഓടകളും കലുങ്കുകളും ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ റോഡുകൾ ഉയർത്തുന്നതിനും |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ച് നടപ്പാക്കി വരുന്നു. റോഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ഓടകളിലൂടെയും സ്വാഭാവിക ചാലുകളിലൂടെയും ഉള്ള സുഗമമായ നീരൊഴുക്ക് ഉറപ്പ് വരുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പ് വരുത്താവുന്നതാണ്. റോഡുകളുടെ ദീർഘകാലയളവിലുള്ള പരിപാലനത്തിനായി, ഡിഫക്റ്റ് ലയബിലിറ്റി കാലാവധി, മെയിന്റനൻസ് കോൺട്രാക്ട് ഉൾപ്പെടെ ദീർഘിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേക്കായി ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിക്കുന്നുണ്ട്. റോഡുകളിൽ വെള്ളക്കെട്ട് ഒഴിവാക്കുവാൻ ആവശ്യത്തിന് കലിങ്കുകളും, ഓടകളും നിർമ്മിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഉൾപ്പെടുത്താറുണ്ട്. |
| (ഡി) | റോഡുനിർമ്മാണത്തിൽ ഗുണമേന്മ ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ 3 ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) റീജയണൽ ലബോറട്ടറികളും ബാക്കി 11 ജില്ലകളിൽ ജില്ലാ ലബോറട്ടറികളും നിലവിലുണ്ട്. പ്രസ്തുത റീജിയണൽ ലാബുകളെ ശക്തിപ്പെടുത്തുന്നതിന് 'മൊബൈൽ ആട്ടോമേറ്റഡ് ടെസ്റ്റിംഗ് ലാബുകൾ' കൂടി ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാനുലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രവൃത്തികളും യഥാസമയം ജില്ലാ ലാബുകളെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തന്നതിനായി പൊതുമരാമത്ത് ക്വാളിറ്റി |

കൺട്രോൾ മാന്വൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള Ist Tier, 2nd Tier, 3rd Tier എന്നീ ശ്രേണികളിലായുള്ള ഗുണനിലവാര പരിശോധന നടത്തി വരുന്നു. ഇതിൽ ഒന്നാം ഘട്ട പരിശോധനകൾ പ്രവൃത്തി നടക്കുന്ന സമയത്ത് അതാത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കരാറുകാരാണ് ചെയ്യുന്നത്. 2 കോടിയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് ക്വാളിറ്റി കൺട്രോൾ മാന്വൽ, SBD എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാം ഘട്ട ഗുണനിലവാര പരിശോധന നടത്തുന്നത് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗമാണ്. രണ്ടാം ഘട്ട പരിശോധന നടത്തുന്നതിനായി നിർമ്മാണ പ്രവൃത്തികളുടെ അസംസ്കൃത വസ്തുക്കൾ, കോൺക്രീറ്റ്, ടാറിംഗ് എന്നിവയുടെ പരിശോധനകൾ നടത്തുന്നതിനുള്ള ഉപകരണങ്ങൾ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളിൽ സജ്ജീകരിച്ചിട്ടുണ്ട്. രണ്ടാം തല പരിശോധനയിൽ പ്രവൃത്തികൾ നടക്കുമ്പോൾ പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും പ്രവൃത്തിയുടെ മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനിയർമാർക്ക് സമർപ്പിക്കുകയും ചെയ്യാറുണ്ട്. ഒന്നാം ഘട്ട പരിശോധനയുടെയും രണ്ടാം ഘട്ട പരിശോധനയുടെയും ഫലത്തിൽ വ്യത്യാസം വരുന്ന പക്ഷം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മാർഗ്ഗ നിർദ്ദേശത്തിൽ ഏതെങ്കിലും അംഗീകാരമുള്ള സ്വതന്ത്ര ലാബു വഴി തേർഡ് പാർട്ടി ടെസ്റ്റ് നടത്തി ഗുണനിലാരം ഉറപ്പ വരുത്തുന്നതാണ്. മൂന്നാം ഘട്ട പരിശോധനകൾ നടത്തുന്നത് സ്വതന്ത്ര ഏജൻസി മുഖാന്തിരമാണ്. എല്ലാ പ്രവൃത്തികൾക്കും ക്വാളിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഫൈനൽ പേയ്മെന്റ് നടത്താറുള്ളൂ. കൂടാതെ ദേശീയപാത വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കുന്നുണ്ട്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ അവ കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടുകൂടി പുന:നിർമ്മിക്കാൻ

| | | | |
|---|---|---|---|
| | | | പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ